(സി) വീടിന്റെ ടെറസിലും കുറഞ്ഞ സെന്റ് ഭൂമിയിലും ചെറിയ ചെറിയ പോളി ഹൗസുകൾ നിർമ്മിക്കുന്നതിന് സബ്സിഡി ഇപ്പോൾ ലഭ്യമാണോ ; ഇല്ലെങ്കിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 ച.മീറ്റർ (10 സെന്റ്) മുതൽ 4000 ച.മീറ്റർ (1 ഏക്കർ) വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കണം. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, പച്ചക്കറി വികസന പദ്ധതി എന്നിവ പ്രകാരം 40 ച.മീറ്റർ (1 സെന്റ്) മുതൽ 4000 ച.മീറ്റർ (1 ഏക്കർ) വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(ബി) ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അംഗീകൃത യൂണിറ്റ് ചെലവിന്റെ 75 ശതമാനം ധനസഹായവും ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, പച്ചക്കറി വികസന പദ്ധതി എന്നിവ പ്രകാരവും കേന്ദ്ര സർക്കാർ അംഗീകൃത യൂണിറ്റ് ചെലവിന്റെ 50 ശതമാനം വരെ ധനസഹായവും നൽകുന്നു. 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്ര മീറ്ററിന് 935 രൂപയുടെ75 ശതമാനം ഉകയായ 701.25 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ50 ശതമാനം ഉക ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം ഉക സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ മാനദണ്ഡം പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ധനസഹായം അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) വീടിന്റെ ടെറസ്സിലും കുറഞ്ഞ സെന്റ് ഭൂമിയിലും ചെറിയ ചെറിയ പോളീഹൗസുകൾ നിർമ്മിക്കുന്നതിന് സബ്സിഡി ഇപ്പോൾ ലഭ്യമാണ്.

നിറവ് പദ്ധതി

137 (3107) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന നിറവ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണ് ഇത് ആരംഭിച്ചിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റാന്നി നിയോജകമണ്ഡലത്തെ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ടോ ; റാന്നിയിൽ എന്തൊക്കെ പദ്ധതികളാണ് ഇതിലൂടെ വിഭാവന ചെയ്തിട്ടുള്ളത് ; എപ്പോൾ മുതൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ; ഏത്ര രൂപയുടെ പദ്ധതികളാണ് റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും, മൂല്യവർദ്ധനവിലൂടെയും, ഉല്പന്ന വൈവിധ്യവൽക്കരണ- ത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ സമഗ്ര വികസനം സാദ്ധ്യമാക്കുക എന്നതാണ് നിറവ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. 2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജകമണ്ഡലങ്ങൾ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് ആവശ്യമായ തുക മാറ്റി വയ്ക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ഉതകുംവിധം പദ്ധതി ആരംഭിച്ചിട്ടില്ല. പദ്ധതിക്കായി തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) 2014-15 വർഷത്തിൽ നിറവ് പദ്ധതി നടപ്പിലാക്കാൻ റാന്നി നിയോജകമണ്ഡലം തെരഞ്ഞെടുത്തിട്ടുണ്ട്. 2015-16 വർഷത്തേക്ക് താഴെപ്പറയുന്ന പദ്ധതികൾ കാർഷിക മേഖലയിൽ റാന്നി നിയോജക മണ്ഡലത്തിൽ വിഭാവന ചെയ്തിരിക്കുന്നു :

1. തരിശുഭൂമിയിൽ നെൽകൃഷി വികസനം.
2. പച്ചക്കറി വികസന പദ്ധതി.
3. വാഴകൃഷി വികസനം.
4. കിഴങ്ങുവർഗ്ഗ കൃഷി വികസനം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. ബയോഗ്യാസ് വികസന പദ്ധതി.

6. സുഗന്ധ വ്യഞ്ജന കൃഷി വികസനം.

7. പോളിഹൗസ്/ഗ്രീൻ ഹൗസ് നിർമ്മാണം.

8. വെർമ്മി കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം.

9. ക്ലൗ കൃഷി വ്യാപിപ്പിക്കൽ.

10. പൈനാപ്പിൾ കൃഷി വികസനം.

പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല. മണ്ഡലാടിസ്ഥാനത്തിലാണ് പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്.

നിറവ് പദ്ധതി

138 (3108) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലിമണ്ഡലത്തിൽ, നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും, ഇതിനുവേണ്ടി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും ഇനി നടപ്പിലാക്കാൻ പോകുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

2013-14-ൽ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളിൽ ഒന്നാണ് കായംകുളം. 2013-14-ലും 2014-15-നും നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഈ പദ്ധതിക്കായി തുക വിനിയോഗിച്ചിട്ടില്ല.

നിറവ് പദ്ധതി

139 (3109) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ എവിടെയെല്ലാമാണ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നിറവ് പദ്ധതി നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly